# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8096 — 17.07.2014 ൽ മറുപടിക്ക്

## രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയിൻ (ആർ.എസ്.ബി.വൈ) കീഴിൽ ആശുപത്രികൾക്ക് ലഭിക്കുന്ന ഇൻഷ്വറൻസ് തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നതു സംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉത്തരവ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയിൻ (ആർ.എസ്.ബി.വൈ) കീഴിൽ ആശുപത്രികൾക്ക് ലഭിക്കുന്ന ഇൻഷ്വറൻസ് തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ ആർ.എസ്. ബി.വൈ.ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കുമോ? | (ബി) | 1. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇത്തരത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ക്രമക്കേടിനെക്കുറിച്ച് പോലീസിൽ പരാതിപ്പെട്ടിട്ടുണ്ട്.<br>2. <u>കാസർഗോഡ് ജനറൽ ആശുപത്രി</u><br>കാസർഗോഡ് ജനറൽ ആശുപത്രിയിൽ എൽ.ഡി ക്ലാർക്ക് ആയിരുന്ന ശ്രീ.എബി.കെ. 04/08/2011 മുതൽ 12.07.2012 വരെയുള്ള കാലയളവിൽ ആശുപത്രി സൂപ്രണ്ടിന്റെ വ്യാജ ഒപ്പിട്ട് 13 ചെക്ക് ലീഫുകളിൽ നിന്നായി 9,04,875/- രൂപ ആർ.എസ്.ബി.വൈ അക്കൗണ്ടിൽ നിന്നും കോർപ്പറേഷൻ ബാങ്കിന്റെ കാസർഗോഡ് ബ്രാഞ്ചിൽ നിന്ന് പിൻവലിച്ചതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ട് ജനറൽ ആശുപത്രി, കാസർഗോഡ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ടൗൺ പോലീസ് കേസ്സെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളത്. ടിയാൾ കാസർഗോഡ് ജനറൽ ആശുപത്രിയിലെ തന്നെ ഡോക്ടർമാരായ ഡോ. വാസന്തി, ഡോ. ജമാലുദ്ദീൻ |

എന്നിവരുടെ കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിന്. നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർ ടിയാളെ 29/11/2012 മുതൽ സസ്പെൻഡ് ചെയ്യുകയും, സർക്കാരിന് നഷ്ടമായ തുക വസൂലാക്കുവാൻ വേണ്ടി Form 24 പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ ലഭ്യമായ രണ്ട് വീട് അഡ്രസ്സിൽ നഷ്ടപ്പെട്ട പണം 18% പലിശയോട് കൂടി തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും പണം തിരിച്ചടയ്ക്കാത്തതിനാൽ അദ്ദേഹത്തിന്റെ വീട് സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലാ കളക്ടറോട് ടി തുക റവന്യൂ റിക്കവറി ചെയ്യുവാൻ വേണ്ടി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ടിയാളുടെ സേവനകാലം ക്രമീകരിക്കുകയോ പ്രൊബേഷൻ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ആയതു കൂടാതെ ടിയാൾക്കെതിരെ വയനാട് ജില്ലയിൽ എൽ.ഡി ക്ലാർക്ക് ആയിരുന്ന കാലയളവിലും സർക്കാർ പണം ദുരുപയോഗം ചെയ്തതിന് വയനാട് ജില്ലാ മെഡിക്കൽ ഓഫീസറും സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചതിന്റെ വെളിച്ചത്തിൽ 14.10.1998-ൽ സർവ്വീസിൽ പ്രവേശിച്ച ടിയാളെ റൂൾ 19 (എ) KS&SSR 1958 പ്രകാരവും റൂൾ 18 (11) KCS(CCA) 1960 പ്രകാരവും നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ 1-12958/2012-ലെ 11.07.2014 ഉത്തരവ് പ്രകാരം 29.11.2012 മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ട്.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ